**KERALA POLICE INFORMATION CENTRE**

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.180/PR/PIC/PHQ/18 Date :24.07.2018

---

## മഴക്കെടുതി : തുടർച്ചയായ സഹായത്തിന് പോലീസിന് നിർദ്ദേശം.

ആലപ്പുഴ, കോട്ടയം തുടങ്ങിയ ജില്ലകളിൽ മഴക്കെടുതി കാരണം ജനജീവിതം ദുഷ്കരമായ സാഹചര്യത്തിൽ ആവശ്യമായ സഹായം നല്കാൻ ജില്ലാ പോലീസ് മേധാവിമാർക്കും തീരദേശ പോലീസിനും സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ നിർദ്ദേശം നല്കി. തുടർന്നും മഴ ശക്തമാകാൻ സാധ്യത ഉണ്ടെന്നും പ്രളയം, ഉരുൾ പൊട്ടൽ പോലുള്ള പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകാനും ഇടയുണ്ടെന്ന് വിവിധ കാലാവസ്ഥാ പ്രവചന വകുപ്പുകൾ മുന്നറിയിപ്പ് നല്കിയ സാഹചര്യത്തിലാണ് നിർദ്ദേശം നല്കിയത്.

റവന്യൂ, ദുരന്ത നിവാരണ അതോറിറ്റി തുടങ്ങിയവയുമായി കൂടിയാലോചിച്ച് ആവശ്യമായ രക്ഷാപ്രവർത്തനങ്ങളും മുൻ കരുതലുകളും പോലീസ് കൈക്കൊണ്ടു വരികയാണ്. ഇതോടൊപ്പം മറ്റു ദുരിതാശ്വാസ പ്രവർത്തങ്ങളിലും പോലീസിന്റെ സഹായമുണ്ടാകണം. ഇതാകണം മഴക്കെടുതി നേരിടുന്ന ജില്ലയിലെ പോലീസ് കൺട്രോൾ റും, പോലീസ് സ്റ്റേഷനുകൾ, കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ തുടങ്ങിയവ മൊബിലൈസ് ചെയ്യണം ജില്ലയിൽ വിന്യസിച്ചിട്ടുള്ള സായുധ സേനാ ബറ്റാലിയൻ അംഗങ്ങൾ ദുരന്തം നേരിടുന്നതിന് സജ്ജരായിരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അതത് പോലീസ് മേധാവിമാർ ആവശ്യമായ മേൽനോട്ടം വഹിക്കണം ആവശ്യമായ സന്ദർഭങ്ങളിൽ പോലീസ് വാഹനങ്ങൾ ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിനു ഉപയോഗിക്കേണ്ടതാണെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നല്കിയിട്ടുണ്ട്.

*********